



# Weekend Bulletin
# Knanaya Catholic Mission, Chicago
May 14, 2006, Vol. 1, Issue 33
www.knanayamission.org/chicago/bulletin.htm





## എല്ലാ അമ്മമാർക്കും മദേഴ്സ് ഡേ ആശംസകൾ!

ആർച്ചുബിഷപ്പ് മാർ മാത്യു മൂലക്കാട്ടുപിതാവിൻെറ സന്ദേശം നാലാം പേജിൽ.



മിഷൻെറ ഫാമിലി കമ്മീഷൻ സംഘടിപ്പിച്ച ദമ്പതികളുടെ സെമിനാർ ഫാ. ജോസ് പൂതൃക്കയിൽ നയിക്കുന്നു.



സീനിയർ സിറ്റിസൺസിനുവേണ്ടി നടത്തിയ തീർത്ഥാടന യാത്രയിൽ പങ്കെടുത്തവർ
ഏതാനും സംഘാടകരോടൊത്ത് ഹോളി ഹില്ലിൽ.

## CONTACT INFORMATION

**MISSION DIRECTOR**
Fr. Abraham Mutholath
5212 W. Agatite Ave
Chicago, IL 60630.
(773) 412-6254 / (773) 286–2556
E-mail: mutholath2000@yahoo.com
www.knanayamission.org/chicago

**BULLETIN EDITOR**
Mathachen Chemmachel
(708) 557-1907

**TRUSTEES**
**Chicago**: Saji Poothrukayil
Sunny Thekkeparambil
**Addison**: James Manjankal
Baby Karikkal

**SECRETARY & PRO**
George Thottappuram

**FINANCE**
**Chicago**: John Elakkatt
**Addison**: Kurian Nellamattam

**RELIGIOUS EDUCATION**
**Chicago**: Johny Thekkeparambil
Secretary: Anna Kulangara
**Addison**: Tonny Pullappally
Secretary: Veena Jose Kaniyaly

**CHILDREN MINISTRY**
**Chicago**: Bino Machanikkal
Saly Kizhakkekuttu
**Addison**: Tesa Thannikari
Ashley Varakalayil

**TEENS MINISTRY**
**Chicago**: Tito Kandarappally
Lissy Thottapuram
**Addison**: Sabu Mutholam
Justin Kalappurackal

**YOUTH MINISTRY**
**Chicago**: Mary Alumkal
Tessy Jose Njaravelil
**Addison**: Tessy Kanjirathumkal
Tomy Kunnassery

**YOUNG ADULT MINISTRY**
Saju Palakunnel, Falix Chemmachel
Sona Keezhangattu

**ADULT MINISTRY**
Jose Thazhathuvettathu

**WOMEN MINISTRY**
Mercy Idiyalil, Gracy Vachachira

**SENIOR CITIZENS MINISTRY**
Joy Choottuvelil, Joy Nediyakalayil

**BETTER FAMILY MOVEMENT**
Joy Chemmachel

### SATURDAYS

St. Joseph Church School Hall
330 E. Fullerton Ave, Addison, IL 60101

Religious Education
3:45 P.M. to 4:45 P.M.
Holy Mass @ 5:00 P.M.

Youth Seminars on First Saturdays
2:45 P.M. to 4:45 P.M.
English Mass in Syro-Malabar Rite
First Saturdays @ 5:00 P.M.

### SUNDAYS

Our Lady of Victory (OLV) Church
5212 W. Agatite Ave, Chicago, IL 60630

Religious Education
4:00 P.M. to 5:00 P.M.
Holy Mass @ 5:30 P.M.

Youth Seminars on First Sundays
3:00 P.M. to 5:00 P.M.

### NOVENA TO OUR LADY OF PERPETUAL HELP

Saturdays after Holy Mass at St. Joseph Church, 330 E. Fullerton Ave, Addison.

### NOVENA TO ST. JUDE

Thursdays at 7:00 P.M. with Holy Mass and Benediction at Community Center,
5110 N. Elston Ave, Chicago, IL 60630.

**May 2006**

| S | M | T | W | T | F | S |
|---|---|---|---|---|---|---|
| | 1 | 2 | 3 | 4 | 5 | 6 |
| 7 | 8 | 9 | 10 | 11 | 12 | 13 |
| 14 | 15 | 16 | 17 | 18 | 19 | 20 |
| 21 | 22 | 23 | 24 | 25 | 26 | 27 |
| 28 | 29 | 30 | 31 | | | |

## Schedule of Events

**SATURDAY, MAY 13, 2006**
**Youth Seminar** at Addison from 2:45 P.M. to 4:45 P.M.
**Religious Education** Class at Addison from 3:45 P.M. to 4:45 P.M.
**Youth Mass and Novena in English** at Addison at 5:00 P.M.
**MOTHERS DAY** offering at Addison.

**SUNDAY, MAY 14, 2006**
**Youth Seminar** at OLV Chicago from 3:00 P.M. to 5:00 P.M.
**Religious Education Class** at OLV from 4:00 P.M. to 5:00 P.M.
**Holy Mass** at OLV Church Upper level at 5:30 P.M.
**MOTHERS DAY** offering at OLV Chicago.

**THURSDAY, MAY 18, 2006**
**Mass, Novena, and Benediction** at Community Center at 7:00 P.M.

**SATURDAY, MAY 20, 2006**
**Religious Education Final Examination** at Addison from 3:45 P.M.
**Holy Mass and Novena** at Addison at 5:00 P.M.

**SUNDAY, MAY 21, 2006**
**Religious Education Final Examination** at OLV from 4:00 P.M. to 5:00 P.M.
**Holy Mass** at OLV Church Upper level at 5:30 P.M.

**TUESDAY, MAY 23, 2006**
**Women Ministry Seminar** by Fr. Jose Poothrukayil at Community Center at 7:00 P.M. ***MEET WITH ARCHBISHOP MAR KURIAKOSE KUNNACHERRY***.

**THURSDAY, MAY 25, 2006**
**SOLEM FEAST OF THE MOST SACRED HEART** at 6:30 P.M. at Community Center. Main Celebrants: **Archbishop Mar Kuriakose Kunnacherrry and Bishop Mar Jacob Angadiath**

**FRIDAY, MAY 26, 2006**
**SOLEM FEAST OF THE MOST SACRED HEART** at 6:30 P.M. at OLV Church, Chicago. Holy Mass in Syriac language by **Mar Kuriakose Kunnacherry** and Homily by **Msgr. Dr. Jacob Vellian**

**FEAST CONTINUES ON STAURDAY AND SUNDAY.**

# MISSION DIRECTOR'S COLUMN

## ഏപ്രിൽ 30-തിനു മുമ്പും പിമ്പും



വടക്കേ അമേരിക്കയിലെ ക്നാനായ കത്തോലിക്കർക്ക് ഫൊറോനാ ലഭിക്കുമെന്ന് 2005 ഒക്ടോബറിൽ അറിഞ്ഞതാണ്. അതിൽ നിന്ന് ഏപ്രിൽ 30തിലെ അങ്ങാടിയാത്തു പിതാവിൻെറ പ്രഖ്യാപനത്തിൽ വിശേഷാൽ എന്താണുള്ളത്? സഭാ സംവിധാനത്തിൽ നമുക്കെന്തു നേട്ടമാണ് ഉണ്ടായിരിക്കുന്നത്?. സ്വാഭാവിക ചോദ്യങ്ങളാണിവ.

ചിക്കാഗോ സീറോ മലബാർ രൂപതയിൽ ഫൊറോനാകൾ സ്ഥാപിക്കുമ്പോൾ ക്നാനായ മിഷനുകളെ പല ഫൊറാനായിലാക്കരുതെന്ന് നേരത്തെ തന്നെ അഭിവന്ദ്യ അങ്ങാടിയാത്തു പിതാവിനോട് നമ്മൾ അഭ്യർത്ഥിച്ചിരുന്നു. നമ്മുടെ മിഷനുകൾ ദേശീയ തലത്തിൽ ഒന്നിച്ചു നിന്നാലെ നമുക്കു സഭാപരമായി ഐക്യത്തിൽ വളരുവാനും സ്വന്തം സഭാ സംവിധാനം ഉണ്ടാക്കുവാനും കഴിയൂ എന്നതാണ് അതിനു കാരണം. അക്കാര്യം കഴിഞ്ഞ ഒക്ടോബറിൽ അങ്ങാടിയാത്തു പിതാവ് അംഗീകരിച്ചിരുന്നു. എന്നാൽ ക്നാനായ മിഷനുകൾ മാത്രം നമ്മുടെ ഫൊറോനായിൽ വന്നാലും മിഷനുകൾ ഇല്ലാത്ത സ്ഥലങ്ങളിലെ ക്നാനായക്കാർ അതാതു സ്ഥലത്തെ സീറോ മലബാർ മിഷൻെറയോ ഇടവകയുടെയോ കീഴിൽ വരും. പിന്നീട് ആ സ്ഥലങ്ങളിൽ നമ്മുടെ മിഷനുകൾ സ്ഥാപിക്കുവാൻ ബുദ്ധിമുട്ടുകൾ ഉണ്ടാകും. ഈ പശ്ചാത്തലത്തിലാണ്, നമ്മുടെ മിഷനുകൾ മാത്രമല്ല, വ്യക്തികളും നമ്മുടെ തന്നെ ഫൊറോനായിൽ ഉൾപ്പെടുത്തണമെന്ന് മാർ അങ്ങാടിയാത്തു പിതാവിനോട് അഭ്യർത്ഥിച്ചത്. അതു വഴി കേരളത്തിലെ സീറോ മലബാർ സഭയിൽ ക്നാനായക്കാർക്കുള്ള വ്യക്തിഗത അജപാലന സംവിധാനമാണ് നാം ആവശ്യപ്പെട്ടത്. അതാണ് ഏപ്രിൽ 30തിലെ പ്രഖ്യാപനത്തോടെ നമുക്കുണ്ടായ ഏറ്റവും വലിയ നേട്ടം.

ഇതിൻെറ ഫലമായി നമുക്കുള്ള പ്രയോജനങ്ങൾ ഏറെയാണ്.

1. നമുക്ക് സ്വന്തമായി മിഷനുകൾ എവിടെയും സ്ഥാപിക്കുവാൻ കഴിയും. അതിനുള്ള ഉദ്യമങ്ങളിൽ അങ്ങാടിയാത്തു പിതാവിൻെറ റിക്കമൻേറഷനും അംഗീകാരവും ആവശ്യമാണ്.

2. ക്നാനായ മിഷനുകൾ ഇല്ലാത്ത സ്ഥലങ്ങളിൽ താമസിക്കുന്ന ക്നാനായക്കാർക്ക് ഇനി പ്രാദേശിക സീറോ മലബാർ ഇടവകയിൽ സഹകരിക്കാമെങ്കിലും അംഗത്വം എടുക്കേണ്ടതില്ല. അവർക്കു വേണ്ട അജപാലന ശുശ്രൂഷ നിർവ്വഹിക്കുവാൻ ഇപ്പോൾ ക്നാനായ വികാരി ജനറാളിന് അനുവാദം ലഭിച്ചിട്ടുണ്ട്.

3. ഫൊറാനാക്കു പകരം റീജിയനാണ് ഏപ്രിൽ 30പതിനു ലഭിച്ചത്. അതിനാൽ ഭാവിയിൽ റീജിയണെ ഒന്നോ അതിലധികമോ ഫൊറോനാകളായി തിരിക്കുവാനും റിജിയണെ രൂപതയാക്കി ഉയർത്തുവാനും സാധ്യതയുണ്ട്.

4. അമേരിക്കയിലെ ക്നാനായ കത്തോലിക്കർക്ക് പൊതുവായി അജപാലന സംവിധാനവും ആത്മീയ പരിശീലനവും ഒരുക്കുവാൻ ഇനി നമുക്ക് കഴിയും.

5. മുമ്പ് ക്നാനായ വികാരി ജനറാളിനു ക്നാനായക്കാരുടെ പ്രത്യേക താല്പര്യങ്ങൾക്കുകൂടി ചുമതലപ്പെട്ടിരുന്നെങ്കിൽ ഇന്ന് അതിലുപരിയായി അജപാലന ചുമതലകൾകൂടി നല്കപ്പെട്ടിരിക്കുകയാണ്.

അഭിവന്ദ്യ അങ്ങാടിയാത്തു പിതാവ് നമുക്കു നല്കിയ ഈ നവ സംവിധാനം നമ്മുടെ സമുദായ ചരിത്രത്തിൻെറ ഗതിയിൽ വലിയൊരു വഴിത്തിരിവാണ്. അതിനു ദൈവത്തോടും അഭിവന്ദ്യ അങ്ങാടിയാത്തു പിതാവിനോടും കടപ്പെട്ടിരിക്കുന്നു. അദ്ദേഹത്തോടു സഹകരിച്ച് ഇനിയും നേട്ടങ്ങൾ കൈവരിക്കുവാൻ നമുക്കു സാധിക്കണം.

ഒത്തിരി സ്നേഹത്തോടെ,
ഫാ. ഏബ്രഹാം മുത്തോലത്ത്

## ദൈവാലയ നിർമ്മാണ ഫണ്ടു വർദ്ധിക്കുന്നു സഹകരണത്തിനു നന്ദി



*ദൈവാലയ നിർമ്മാണ ഫണ്ടിലേക്ക് പലരും ഉദാരമായി സഹകരിച്ചു. അതിനാൽ നമ്മുടെ ഫണ്ട് വർദ്ധിച്ചുകൊണ്ടിരിക്കുന്നു. നാളിതുവരെ സഹകരിച്ച എല്ലാവർക്കും ആത്മാർത്ഥമായി നന്ദി അറിയിക്കുന്നു.*

*ലക്ഷ്യത്തിലെത്താൻ ഇനിയും നാം ഏറെ ധനസമാഹരണം തുടരേണ്ടിയിരിക്കുന്നു. ഈ ദൗത്യത്തിനായി നിയോഗിക്കപ്പെട്ട കമ്മറ്റിക്കാർ എത്രയും വേഗം ഭവന സന്ദർശനം നടത്തി ഫണ്ടുപിരിവു തുടരണമെന്ന് അനുസ്മരിപ്പിക്കുന്നു. അവർ നിങ്ങളെ സന്ദർശിക്കുമ്പോൾ അവരെ സന്തോഷത്തോടെ സ്വീകരിക്കുകയും വേണ്ട പ്രോത്സാഹനം നല്കണമെന്ന് ഏവരോടും അഭ്യർത്ഥിക്കുന്നു.*

*ഫാ. ഏബ്രഹാം മുത്തോലത്ത്*
*എന്ന് മിഷൻ ഡയറക്ടർ*

## നുറുങ്ങുവെട്ടം

**ലഭ്യമായ കൃപയെ**
**അറിഞ്ഞനുഭവിക്കാതെ**
**ലഭ്യമാകാത്തവയെ പ്രതി**
**പരിതപിക്കുന്നതു നിരർത്ഥകമല്ലേ?**



## Weekly Collections

| | |
|---|---|
| May 6th Collection at Addison | 214.25 |
| May 7th at First Holy Communion | 1,304.75 |
| Balance in Church Building Fund | 420,191.82 |

# അമേരിക്കയിലെ ക്നാനായ റീജിയണെക്കുറിച്ച് മാർ മാത്യു മൂലക്കാട്ടു മെത്രാപ്പോലീത്താ



പ്രിയ ബഹു. മുത്തോലത്തച്ചാ,

അമേരിക്കയിൽ അടുത്തകാലത്തുണ്ടായ സഭാത്മക പുരോഗതിയുടെ സന്തോഷ വാർത്ത എന്നെ അറിയിച്ചതിനു വളരെ നന്ദി പറയുന്നു. വടക്കേ അമേരിക്കയിലെ ക്നാനായ സമുദായത്തിൻെറ സഭാത്മക വളർച്ചക്കുവേണ്ടി ക്ഷമയോടും തീക്ഷണതയോടും കൂടി അദ്ധ്വാനിച്ച അച്ചനേയും മറ്റെല്ലാവരേയും ഞാൻ അനുമോദിക്കുകയും വിലമതിക്കുകയും ചെയ്യുന്നു. അമേരിക്കൻ ഐക്യനാടുകൾ മുഴുവനിലുമുള്ള എല്ലാ ക്നാനായക്കാരേയും ഉൾപ്പെടുത്തി വടക്കേ അമേരിക്കൻ ക്നാനായ കാത്തലിക്ക് റീജിയൺ സ്ഥാപിതമായതും അവരെയെല്ലാം ക്നാനായ കാത്തലിക്ക് വികാരി ജനറാളിൻെറ അജപാലന ശുശ്രൂഷക്കു കീഴിൽ കൊണ്ടുവന്നതും എൻെറ അഭിപ്രായത്തിൽ ഏറെ സമാനമായിരിക്കുന്നത് ചെങ്ങനാശ്ശേരി വികാരിയാത്തിൽ എല്ലാ തെക്കുംഭാഗരുടെയും വികാരി ജനറാളായി മാർ മത്തായി മാക്കീലിനെ മോൺ. ചാൾസ് ലവീഞ്ഞ് നിയമിച്ചതിനോടാണ്.

മലബാർ സഭയിൽ ലത്തീൻ ഭരണം വന്നതിനുശേഷം ആദ്യമായാണ് ഇപ്രകാരം തെക്കുംഭാഗർ സഭാ നേതൃത്വത്തിൻ കീഴിൽ സംഘടിപ്പിക്കപ്പെട്ടത്. അതു ക്രമേണ നമ്മുടെ പ്രത്യേകമായ വികാരിയാത്തു സ്ഥാപിക്കുവാനും, ചരിത്രത്തിൻെറ ഗതിയിലും ദൈവപരിപാലനയിലും അതിരൂപതയായി വളരുവാനും ഇടയായി. വടക്കേ അമേരിക്കയിലെ നമ്മുടെ സമുദായത്തിനു ലഭിച്ച ഈ ഈസ്റ്റർ സമ്മാനത്തിനു നന്ദി പറയുന്നു.

തനിക്കെതിരെ ചുരുക്കം ചിലരിൽ നിന്നും പല പ്രതികൂല പ്രചരണങ്ങൾ ഉണ്ടായിരുന്നിട്ടും നമ്മുടെ സമുദായത്തിന് ഉദാരമനസ്സോടെ ഈ ഉപകാരം ചെയ്ത ബിഷപ്പ് ജേക്കബ് അങ്ങാടിയാത്തിനോട് എനിക്കുള്ള നന്ദി ദയവായി അറിയിക്കുക. അദ്ദേഹത്തിൻെറ ഈ വിശാല മനസ്സിനെ വിശേഷാൽ ആദരിക്കുകയും വിലമതിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. കാരണം നമുക്കറിയാവുന്നതുപോലെ ചില ക്നാനായ കത്തോലിക്കർ തങ്ങളുടെ സഭാ തലവനായി അദ്ദേഹത്തെ അംഗീകരിക്കുവാൻ ഇപ്പോഴും വൈമനസ്യം കാണിക്കുന്നു. അവർക്കു വേണ്ടി നമുക്ക് ദൈവത്തോട് പ്രാർത്ഥിക്കാം.

ക്നാനായ കത്തോലിക്കർക്കുള്ള ഈ പുതു സംവിധാനം വഴി താൻ ക്നാനായ കത്തോലിക്കർക്ക് എതിരില്ലെന്നും ബിഷപ്പ് അങ്ങാടിയാത്തു വീണ്ടും വ്യക്തമാക്കിയിരിക്കുകയാണ്. മറിച്ച് തൻെറ സൂക്ഷത്തിന് ഏൽപ്പിക്കപ്പെട്ടിരിക്കുന്ന ഈ സമുദായത്തിൻെറ വികസനമാണ് അദ്ദേഹം ആഗ്രഹിക്കുന്നത്. അതിനു വേണ്ടി, തനിക്കെതിരെ എല്ലാ പ്രതികൂല പ്രതികരണങ്ങളും വിമർശനങ്ങളും ഉള്ളപ്പോഴും സഭയുടെ ചട്ടക്കൂട്ടിൽ നിന്നുകൊണ്ട് തനിക്കു ചെയ്യാവുന്നതെല്ലാം ചെയ്യുവാൻ അദ്ദേഹം സന്നദ്ധനാണ്. നമ്മുടെ പൂർവ്വ പിതാക്കന്മാരുടെ ബുദ്ധിയും വിവേകവും നാം കാണിച്ചിരുന്നെങ്കിൽ നമുക്ക് ഇതിൽ കൂടുതൽ ഇതിനു മുമ്പേ നേടാമായിരുന്നു. അവർ എപ്പോഴും സഭയോടും അവളുടെ തീരുമാനങ്ങളോടും വിധേയത്വം പ്രകടിപ്പിച്ചിരുന്നു. തങ്ങളുടെ നിയമ പരമായ സഭാ തലവന്മാരോട് വലിയ ബഹുമാനവും ആദരവുമാണ് എപ്പോഴും കാണിച്ചിരുന്നത്. പരിശുദ്ധ സിംഹാസനം പോലും ഇക്കാര്യം ഏറെ വിലമതിച്ചിട്ടുണ്ട്.

നമ്മുടെ പൂർവ്വികരിൽ നിന്ന് നമുക്ക് പഠിക്കുകയും അവരുടെ പാത പിന്തുടരുകയും ചെയ്യാം. കാരണം അതു നമ്മെ അത്യധികം ദൈവാനുഗ്രഹത്തിലേക്കും സമുദായത്തിൻെറ ശാശ്വത വളർച്ചയിലേക്കും നയിക്കും. നമ്മുടെ സമുദായത്തിൻെറ യഥാർത്ഥ വികസനത്തിനു വേണ്ടി അച്ചനോടൊത്ത് അദ്ധ്വാനിച്ച എല്ലാവരേയും ദയവായി എൻെറ അനുമോദനം അറിയിക്കുക. നമ്മുടെ ആളുകൾക്ക് ദൈവാലയ മുണ്ടാക്കുവാനുള്ള നിങ്ങളുടെ പരിശ്രമങ്ങൾ ഫലപ്രാപ്തിയിലേക്കു നീങ്ങുന്നു എന്നറിയുന്നതിൽ ഞാൻ സന്തോഷിക്കുന്നു.

അമേരിക്കയിലെ എല്ലാ ക്നാനായക്കാരുടേയും മേലുള്ള ഉത്തരവാദിത്വം അച്ചന് ഇപ്പോൾ ഔദ്യോഗികമായി ലഭിച്ചതിനാൽ, നമ്മുടെ സമൂഹത്തെ സ്നേഹിക്കുന്ന എല്ലാവരേയും തീർച്ചയായും പങ്കെടുപ്പിച്ചുകൊണ്ട് അച്ചന് കൂടുതൽ ഉത്സാഹത്തോടെ മുന്നേറാം. നൽകപ്പെട്ടിരിക്കുന്ന സഭാത്മക നിബന്ധനകൾക്കനുസൃതമായിത്തന്നെ സഭാത്മക സമൂഹങ്ങൾ സ്ഥാപിക്കുവാൻ ശ്രമിക്കണം. അങ്ങനെ നമ്മുടെ ദൈവം ഉദാരമായി വെട്ടിത്തുറന്ന പാതയിലൂടെ നാം മുന്നേറണം. തീർച്ചയായും നമുക്ക് മൈലുകൾ സഞ്ചരിക്കുവാനുണ്ട്. എന്നാൽ നമുക്ക് ലക്ഷ്യത്തിലെത്തണമെങ്കിൽ നമ്മുടെ സമുദായത്തോടു മാതൃസഹജമായ സ്നേഹവും വാത്സല്യവും പ്രകടിപ്പിക്കുന്ന സഭാമാതാവിനോടൊത്ത് നം സഞ്ചരിക്കണം. സഭയോടു ചേർന്നു നിന്നുകൊണ്ട് വേണം ദൈവത്തിൻെറ പാതയിൽ നാം നീങ്ങുവാൻ. മറ്റു വഴികളിലൂടെ സഞ്ചരിക്കുവാനുള്ള ആകർഷണങ്ങൾ നമ്മെ പ്രലോഭിപ്പിച്ചെന്നു വരാം. എന്നാൽ നിർഭാഗ്യവശാൽ അവ നമ്മെ ലക്ഷ്യത്തിൽ നിന്നു വ്യതിചലിപ്പിക്കും.

ഒരിക്കൽ കൂടി അച്ചനും, ക്ഷമയോടും സഹിഷ്ണതയോടും കൂടി ക്നാനായ സമുദായത്തിൻെറ നന്മക്കു വേണ്ടി തങ്ങളുടെ സമയവും ആരോഗ്യവും സമർപ്പിക്കുന്ന എല്ലാവർക്കും അനുമോദനവും ദൈവാനുഗ്രഹവും നേർന്നുകൊണ്ട്,

നമ്മുടെ കർത്താവിൽ സ്നേഹപൂർവ്വം,
**മാർ മാത്യു മൂലക്കാട്ട്.**

## *THEOLOGY CLASS BY MAR KUNNACHERRY AND REV. DR. THOMAS KOTTOOR*



***മിഷൻെറ അടുത്ത ദൈവശാസ്ത്ര ക്ലാസ് മെയ് 30 ചൊവ്വാഴ്ച 6:30ന് കമ്മ്യൂണിറ്റി സെൻററിൽ വച്ചു നടത്തുന്നതാണ്. ക്ലാസ് നയിക്കുന്നത് ആർച്ചുബിഷപ്പ് മാർ കുര്യാക്കോസ് കുന്നശ്ശേരിയും കോട്ടയം അതിരൂപത ചാൻസലർ റവ. ഡോ. തോമസ് കോട്ടൂരുമാണ്. കോഴ്സിൽ പങ്കെടുക്കുന്നവരെ അതിലേക്കു സ്വാഗതം ചെയ്യുന്നു.***

# മാർ അങ്ങാടിയാത്തു പിതാവിൻെറ പ്രഖ്യാപനം ക്നാനായ ചരിത്രത്തിൽ പ്രാധാന്യമേറിയത്

ബിഷപ്പ് അങ്ങാടിയത്തിൻെറ സമീപകാലത്തുണ്ടായ പ്രഖ്യാപനത്തെ പൂർവ്വകാല ചരിത്ര പശ്ചാത്തലത്തിൽ വേണം നാം ദർശിക്കുവാൻ. നിഗമനങ്ങളിലേക്ക് ചാടും മുമ്പേ ചരിത്രത്തിലേക്ക് നമുക്കൊന്നു എത്തിനോക്കാം.



ജോസഫ് പതിയിൽ
ടൊറൻെറാ, കാനഡാ

ഇൻഡ്യയിൽ സംഭവിച്ചത് ചുരുക്കത്തിൽ ഇപ്രകാരമായിരുന്നു: കേരള കത്തോലിക്കാ സഭയിൽ പൗരസ്ത്യരും ലത്തീൻ കാരും തമ്മിൽ 1887ൽ റീത്തു വിഭജനം ഉണ്ടായപ്പോൾ എല്ലാ ക്നാനായ കത്തോലിക്കരും സ്വഭാവികമായും കോട്ടയം വികാരിയാത്തിൽ ഉൾപ്പെട്ടു. ക്നാനായ സമുദായത്തിന് പ്രത്യേക വികാരി ജനറാളിനെ നിയമിക്കണമെന്ന് പരിശുദ്ധ സിംഹാസനം ചാൾസ് ലവീഞ്ഞ് മെത്രാനോട് ആവശ്യപ്പെട്ടിരുന്നു. മാക്കീൽ മത്തായിയച്ചൻ 1889ൽ കോട്ടയം വികാരിയാത്തിൽ ക്നാനായ കത്തോലിക്കരുടെ വികാരി ജനറാളായി നിയമതിനായി. അപ്പസ്തോലിക്ക് വികാരിയാത്തുകൾ 1896ൽ പുന:സംഘടിപ്പിച്ച് തൃശൂർ, എറണാകുളം, ചങ്ങനാശ്ശേരി, വികാരിയത്തുകൾ സ്ഥാപിച്ച് മൂന്നു ഭാരതീയ മെത്രാന്മാരെ നല്കിയപ്പോൾ ചെങ്ങനാശ്ശേരി വികാരിയാത്തിനു വേണ്ടി നിയമിതനായത് ക്നാനായ സമുദായത്തിൻെറ മുൻ വികാരി ജനറാളായിരുന്ന മാർ മാത്യു മാക്കീലാണ്.

വിശുദ്ധ പത്താം പിയൂസ് മാർപ്പാപ്പ “ഇൻ യൂണിവേഴ്സി ക്രിസ്ത്യാനി” എന്ന അപ്പസ്തോലിക കല്പനയിലൂടെ ക്നാനായ സമുദായത്തിനു മാത്രമായി 1911 ആഗസ്റ്റ് 29ന് കോട്ടയം വികാരിയത്തു പുന:സ്ഥാപിച്ചു. പതിനൊന്നാം പിയൂസ് മാർപ്പാപ്പാ 1923 ഡിസംബർ 21ന് കോട്ടയം വികാരിയാത്തിന് രൂപതയാക്കി ഉയർത്തി. സീറോ മലബാർ സഭയുടെ അതിർത്തി 1955ൽ വ്യാപിപ്പിച്ചപ്പോൾ കോട്ടയം രൂപതയുടെ അധികാര പരിധിയും അതോടൊപ്പം വിപുലപ്പെടുത്തി. കോട്ടയം മെത്രാപ്പോലിത്തയുടെ അധികാര പരിധി ഇൻഡ്യയിലെ സീറോ മലബാർ സഭയുടെ മുഴുവൻ അതിരുകളിലുമുണ്ട്. അത് വ്യക്തിഗതാധികാരമാണ്. അല്ലാതെ അതിരുകളിൽ മാത്രം പരിമിതപ്പെടുത്തപ്പെട്ടതല്ല. വ്യക്തിഗതാധികാരവും (PERSONAL JURISDICTION) പ്രാദേശികാധികാരവും (TERRITORIAL JURISDICTION) തമ്മിലുള്ള വ്യത്യാസം പ്രധാനപ്പെട്ടതാണ്.

## വടക്കേ അമേരിക്കൻ പശ്ചാത്തലം

വടക്കേ അമേരിക്കയിൽ സീറോ മലബാർ രൂപത സ്ഥാപിതമായപ്പോൾ എല്ലാ സീറോ മലബാറുകാരും സീറോ മലബാർ മെത്രാൻെറ അജപാലനാധികാരത്തിൽ വന്നു. ക്നാനായ മിഷനുകളുള്ള സ്ഥലങ്ങളിൽ മിഷനുകളുടെ അതിർത്തിക്കുള്ളിൽ താമസിക്കുന്ന ക്നാനായ കത്തോലിക്കരുടെ അജപാലനാധികാരം മിഷൻ ഡയറക്ടർക്കാണ്. അതായത് ഫോട്ട് ലൊഡർ ഡെലിലോ ഡിട്രോയിറ്റിലോ താമസിക്കുന്ന ക്നാനായ കത്തോലിക്കന് അജപാലന ശുശ്രൂഷക്ക് സമീപിക്കേണ്ടി യിരുന്നത് പ്രാദേശിക സീറോ മലബാർ മിഷൻ ഡയറക്ട റെയായിരുന്നു. എന്നാൽ അങ്ങാടിയത്തു പിതാവിൻെറ 2006 ഏപ്രിൽ 30ലെ പ്രഖ്യാപനത്തോടെ ആ സാഹചര്യം മാറിയിരിക്കുകയാണ്. ക്നാനായ മിഷനുകളോ ഇടവകകളോ ഇല്ലാത്ത ക്നാനായ കത്തോലിക്കരുടെ വ്യക്തിഗത അജപാലനാധികാരം ഇപ്പോൾ ക്നാനായ വികാരി ജനറാളിനാണ് നല്കിയിരിക്കുന്നത്. 1889ലേതു പോലെ ചരിത്ര പരമായ പ്രധാന തീരുമാനമാണിത്.

## ഭാവി നടപടികൾ

വടക്കേ അമേരിക്കയിലെ ക്നാനായ കത്തോലിക്കർക്ക് പരിശുദ്ധ സിംഹാസനമോ സീറോ മലബാർ സിനഡോ പ്രത്യേക വികാരിയാത്ത് അനുവദിക്കുകയാണ് അടുത്ത പടി. കാലാന്തരത്തിൽ വികാരിയാത്ത്, ഒരു പക്ഷേ കോട്ടയം അതിരൂപതയുടെ കീഴിൽ, രൂപതയായി ഉയർത്തപ്പെടാം. ക്നാനായക്കാരുടെ അനന്യതയെ അംഗീകരിച്ച് അവരുടെ ന്യായമായ അഭ്യർത്ഥനകൾ അനുവദിച്ചു തന്ന സഭാധികാരികളെ സമുദായം വിലമതിക്കണം. ഇത്രയും നേടിയെടുക്കുവാൻ വേണ്ടി പല മാർഗ്ഗങ്ങൾ പ്രയോജനപ്പെടുത്തിയ അല്മായരും സഭാ ശുശ്രൂഷയിലുള്ളവരുമായ നേതാക്കളുടെ പരിശ്രമങ്ങളെ സമുദായം നന്ദിയോടെ അംഗീകരിക്കണം. കത്തോലിക്കാ സഭ തിടുക്കത്തിലല്ല എന്നും നാം മനസ്സിലാക്കണം. നമ്മൾ സഹിഷ്ണതയോടെ നിലനിന്നാൽ പടി പടിയായും ക്രമേണയും നേട്ടങ്ങൾ ഉണ്ടാക്കുവാൻ കഴിയും. എല്ലാവർക്കും അനുമോദനങ്ങൾ!

### മാതൃ ദിനാശംസകൾ

– ആദർശ് ജെയിംസ് കിഴക്കേവാലയിൽ

അമ്മ, എൻെറ അമ്മ
ഞാൻ കരയുമ്പോൾ ഓടി വന്നെന്നെ
വാരിപ്പുണർന്നാശ്വസിപ്പിക്കു ന്നോരെൻെറയമ്മ
ഞാൻ പിണങ്ങുമ്പോൾ ഓടി വന്നെനിക്ക്
ഉമ്മ തന്നീടു മോരെൻെറ അമ്മ

എൻെറ കളികൾ കണ്ടാനന്ദിച്ച്
എന്നോടൊപ്പമിരുന്ന് കളിപ്പിക്കുന്നയമ്മ
എൻെറ കുസൃതിക്ക് തക്ക ശിക്ഷ തന്ന്
എന്നെ വളർത്തിയോരെൻെറ അമ്മ
എനിക്ക് സൽ സ്വഭാവും ദൈവഭക്തിയും
പകർന്നു തന്നോരെൻെറ അമ്മ

അമ്മേ, ഞാനമ്മയെ ആദരവോടെ വണങ്ങുന്നു.

***SINCERE THANKS TO***
***ALL WHO MADE OUR FIRST HOLY COMMUNION***
***A WELL ORGANIZED AND DEVINE EXPERIENCE***
***INCLUDING***
***OUR PRIESTS***
***DIRECTORS OF RELIGIOUS EDUCATION***
***TEACHERS***
***PARENT VOLUNTEERS***
***CHOIR***
***ALTER SERVERS***
***MISSION COMMITTEE MEMBERS***
***KCS AND KCCNA PRESIDENTS***
***AND ALL OUR GUESTS.***
***CONGRATULATIONS TO THE RECEPIENTS!***

# ഭാവി തലമുറയുടെ ആത്മീയ വളർച്ചക്ക് ദൈവാലയം അനിവാര്യം


റ്റിസി ഞാറവേലിൽ

ഏതാനും മാസങ്ങൾക്കുള്ളിൽ നമ്മുടെ എല്ലാവരുടേയും സ്വന്തം ദൈവാലയം സാക്ഷാത്കരിക്കാൻ പോവുകയാണല്ലോ. ഈ ദൈവാലയം നാമേവരുടേയും പ്രത്യേകിച്ച് നമ്മുടെ കുഞ്ഞുങ്ങളുടെ ആദ്ധ്യാത്മിക വളർച്ചയിലും പുരോഗതിയിലും തക്കതായ പങ്കു വഹിക്കും. ഇടവക ദൈവാലയവും മതബോധന പള്ളിക്കൂടങ്ങളും നമ്മുടെയോരോരുത്തരുടേയും വളർച്ചയെ വളരെയേറെ സ്വാധീനിച്ചു എന്നത് നിസ്ഥർക്കമായ കാര്യമാണല്ലോ.

നമ്മുടെ നാട്ടിലെ പാരമ്പര്യമനുസരിച്ച് കാരണവന്മാർ രാവിലത്തെ കുർബ്ബാനയും കുട്ടികൾ ഉച്ചക്കുർബ്ബാനയും കൂടി വേദപാഠ ക്ലാസുകളിലും പങ്കെടുത്തതിനുശേഷം കൂട്ടുകാരുമായി കുശലം പറഞ്ഞ് വിശന്നും ദാഹിച്ചും വീട്ടിൽ വന്ന് എല്ലാവരുമായി ഉച്ചഭക്ഷണം കഴിക്കുന്നതുമെല്ലാം മനസ്സിൽ മായാതെ കിടക്കുന്ന ഓർമ്മകളാണല്ലോ. ഇവിടെ വളരുന്ന കുഞ്ഞുങ്ങളിലും ഇത്തരം നല്ല നല്ല ഓർമ്മകൾ സമ്മാനിക്കുവാൻ നമുക്കാവണം. തലയിൽ ഭക്തിപുരസ്സരം നെറ്റിട്ട പെൺകുട്ടികളെയും സാരിത്തുമ്പ് തലയിലിടുന്ന അമ്മമാരേയും നമ്മുടെ പള്ളികളിൽ കാണണം.

മതബോധന ക്ലാസുമായി അടുത്തയിടെ പഴകിയപ്പോഴാണ് നമ്മുടെ കുഞ്ഞുങ്ങളുടെ കഴിവുകളും പുതിയ കാര്യങ്ങൾ പഠിക്കുവാനുള്ള അവരുടെ ആവേശവും മനസ്സിലാക്കുവാൻ കഴിഞ്ഞത്. ഈ കഴിവുകളെ നിലനിർത്തുവാനും പരിപോഷിപ്പിക്കുവാനും നമുക്കു നമ്മുടേതായ പള്ളിയും പള്ളിക്കൂടവും ഉണ്ടായേ തീരു.

നാടോടികളെപ്പോലെ കയറിയിറങ്ങി സ്വാതന്ത്ര്യമല്ലാത്ത അന്തരീക്ഷത്തിൽ അവർക്ക് അറിവു പകർന്നു കൊടുക്കുക എന്നത് തികച്ചും ശ്രമകരമായ ഉദ്യമമാണ്.

അതിവിദൂരമല്ലാത്ത ഭാവിയിൽ നമ്മുടെ ഇടവകയിൽനിന്നു പഠിച്ചിറങ്ങുന്ന വൈദികരേയും കന്യാസ്ത്രീമാരേയും നമുക്ക് പ്രതീക്ഷിക്കാം. വിവാഹന്തസ് തെരഞ്ഞെടുക്കുന്നവർ നമ്മുടെ സമൂഹത്തിൽ നിന്നു തന്നെ ജീവിത പങ്കാളിയെ തിരഞ്ഞെടുക്കുവാനും അങ്ങനെ അവർ വരും തലമുറക്ക് മാതൃകയാകാനും ഇടവരട്ടെ എന്ന് നമുക്ക് പ്രാർ ത്ഥിക്കാം. ഏതു മാതാപിതാക്കളാണ് തങ്ങളുടെ മക്കൾ സ്വന്തം ഇടവക ദൈവാല യത്തിൽ വെച്ച് വിവാഹിതരാകാനും ബറുമറിയം പാടി അവരെ ജീവിത പനന്ഥാവിലേക്ക് നയി ക്കാനും ആഗ്രഹിക്കാത്തത്. ഏതു മാതാപിതാക്കളുടെയും ജീവിതദൗത്യം സഫലമാകുന്ന നിമിഷമാണല്ലോ അത്. ആ ദൈവാനുഗ്രഹം നമുക്കെല്ലാ വർക്കും ഉണ്ടാവാനായി സർവ്വേശ്വരനോടു പ്രാർത്ഥിക്കാം.

ബഹുമാനപ്പെട്ട നമ്മുടെ മുത്തോലച്ചൻ നുറുങ്ങുവെട്ടം എന്ന പക്തിയിൽ എഴുതിയിരുന്നതു പോലെ മക്കളെ നന്നാക്കാൻ ദൈവം തന്ന അവസരങ്ങൾ പാഴാക്കിയിട്ട് അവർക്കു വേണ്ടി എന്തു നേടിയാലും അവസാനം നിരാശ ഫലം. അപ്പോൾ ആ മക്കളുടെ ആത്മീയ വളർച്ചക്കും വ്യക്തിത്വ വികസനത്തിനും ദൈവാലയം ഒരു നിമിത്തമാകുമെങ്കിൽ അതു സ്വായത്തമാക്കു വാൻ നമ്മൾ എന്തു ത്യാഗവും ചെയ്യേണ്ടിയിരിക്കുന്നു. നമ്മുടെ സ്വന്തം ദൈവാലയത്തിൽ ദൈവശുശ്രൂഷയിൽ പങ്കെടുത്ത് നമ്മുടെ കുഞ്ഞുങ്ങളെ ആത്മീയ ചൈതന്യത്തിലും നമ്മുടെ തനതായ പാരമ്പര്യങ്ങളിലും വളർത്തുവാനും ബുദ്ധിയും അറിവും ജഗദീശ്വരൻ നമുക്ക് നൽകട്ടെ.

വളരെ വേഗതയിൽ സഞ്ജരിച്ചുകൊണ്ടിരിക്കുന്ന ചിക്കാഗോ ക്നാനായ കാത്തലിക്ക് മിഷന്റെ അമരക്കാരൻ ബഹു. മുത്തോലത്തച്ചനും അദ്ദേഹത്തോടൊത്തു പ്രവർത്തിക്കുന്ന എല്ലാ വിശ്വാസികൾക്കും ഭാവുകങ്ങൾ നേരുന്നതോടൊപ്പം തെക്കുംഭാഗരുടേതായ ഒരു ദൈവാലയം എത്രയും വേഗം സ്ഥാപിതമാകുവാൻ സർവ്വേശ്വരൻ അനുഗ്രഹിക്കട്ടെ എന്നു പ്രാർത്ഥിക്കുകയും ചെയ്യുന്നു. ഈ ചരിത്ര സത്യത്തിൽ നമുക്കേവർക്കും ഒരേ മനസ്സോടെ പങ്കുകാരാകാം.

## വിമൻസ് മിനിസ്ട്രി സെമിനാർ മെയ് 23ന്
## മാർ കുന്നശ്ശേരിയുമായി അഭിമുഖം



*വിമൻസ് മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ വനിതകൾക്കായി നടത്തപ്പെടുന്ന സെമിനാറിൽ മാർ കുര്യാക്കോസ് കുന്നശ്ശേരിയുമായി അഭിമുഖം ഉണ്ടായിരിക്കും.*

*റവ. ഡോ. ജോസ് പൂത്തൃക്കയിൽ സെമിനാറിനു നേതൃത്വം നൽകും. മെയ് 23 ചൊവ്വാഴ്ച വൈകുന്നേരം കമ്മ്യൂണിറ്റി സെൻററിൽ 6:30നാണ് സെമിനാർ ആരംഭിക്കുന്നത്.*

*എല്ലാ ക്നാനായ വനിതകളെയും ഇതിലേക്കു സ്വാഗതം ചെയ്യുന്നു.*

**READERS / LECTORS** ഉയർപ്പു കാലം

| MAY 13 & 14 | PASSAGE | ADDISION | OLV CHICAGO |
|---|---|---|---|
| 1st Reading | Acts 9:26-31 | Albin Mutholam | Tima Kandarappally |
| 2nd Reading | 1 John 3:18-24 | Eby Akathara | Shawn Menamattathil |
| MAY 20 & 21 | | | |
| 1st Reading | Acts 10:25-26,34,35,44-48 | Annmarie | Liza Kizhakkekuttu |
| 2nd Reading | 1 John 4:7-10 | Meril Idiyalil | Grant Eric |



# ഈശോയുടെ തിരുഹൃദയത്തിരുന്നാൾ
# മെയ് 25 മുതൽ 28 വരെ



- ⇒ ആർച്ചുബിഷപ്പ് മാർ കുര്യാക്കോസ് കുന്നശ്ശേരി, ബിഷപ്പ് മാർ ജേക്കബ് അങ്ങാടിയാത്ത് എന്നിവർ മുഖ്യ കാർമ്മികർ.
- ⇒ സുറിയാനി പാട്ടുകുർബ്ബാന.
- ⇒ നൂറു മുത്തുക്കുടകളും നൂറിലേറെ കൊടികളും സംവഹിച്ചുകൊണ്ടുള്ള വർണ്ണപ്പകിട്ടാർന്ന പ്രദക്ഷിണം.
- ⇒ പ്രൊഫഷണൽ കലാകാരന്മാരുടെ വാദ്യമേളങ്ങൾ.
- ⇒ ക്നാനായ കുടിയേറ്റ ബാലെ പുതിയ രൂപത്തിൽ.
- ⇒ ഹാസ്യ നാടകവും നൃത്തങ്ങളും ഉൾപ്പെടെയുള്ള കലാസന്ധ്യ.
- ⇒ കോട്ടയം തിരുഹൃദയക്കുന്ന് ഇടവകയിൽ നിന്നുള്ള ചിക്കാഗോയിലെ മുഴുവൻ ക്നാനായക്കാരും പ്രസുദേന്തിമാർ.

**Please support our advertisers who make this bulletin available for us. Limited space is available for Classified Advertisements.**


## RN Review

Comprehensive Review
Free make-up classes
Individualized Coaching
Full Length Practice Tests
Convenient location

**ExcelRn**
1460 Renaissance
Ste # 208
Park Ridge IL 60068
**Call : (630) 742 7202**

**www.excelrn.com**

**Your Advt. Here**

Century 21
Castles By King, Ltd.
7516 Cass Ave. (Brookhaven Plaza)
Darien, Illinois 60561
Business (630) 964-6400
Fax (630) 964-6459
Cell (630) 430-1730
Lukose (Luke) K. Kalladanthyil
Broker
*Each Office is Independently Owned and Operated*





**Jaibu Mathew, E.A.**
ENROLLED TO PRACTICE BEFORE IRS
**JAIBU MATHEW KULANGARA**
………………………………...…………..
**7215 W. Touhy, Suite 5, Chicago, IL 60631.**
**Office: 773-792-2117, 312-718-6337 Cell**
**Fax: 773-792-2118, jaibu6@aol.com**
*** Free Electronic Filing * Refund in 24 Hours ***

**Professional with 11 years experience in catering.**

YOU INVITE THE GUESTS, WE DO THE REST
Malabar
Catering & Carry-out

Call
**WILLIAM GEORGE**
3519 W. Montrose Ave,
Chicago, IL 60618
Tel: 773-588-0304
Cell 773-842-5179
E-mail:

CITYWIDE JMW REALTY INC.
**4313 W. Irwing Park, Chicago, IL 60641**
**ALEX MULLAPPALLIL**
REALTOR CONSULTANT
Tel: 773-286-6200 * Cell: 847-2089516
Res: 847-679-9431 * Fax: 773-286-9516
Specializing in: Gas Stations, Investments, Commercial, & Residential.
Illinois Residential Mortgage Licensee
EQUALHOUSINGLENDER



COLDWELL BANKER



**MARTIN & MARBRY**
*REALTOR*
For All Your Real Estate Needs
Buying, Selling, Re-locating & Investing
Call: **Zachariah Chacko (Zach)**
(A Friendly Realtor)
**Find out how much your dream home is worth today?**
**4632 W. Church St., Skokie, IL 60076**
**(847) 677-1200 (Business)**
**(847) 551-7386 (Pager)**
**(847) 374-5031 (Voice Mail)**
EQUALHOUSINGLENDER

**LINCOLNWOOD MORTGAGE SERVICES, INC.**



**4039 W. Main St., Skokie, IL 60076**
**Phone: 847-674-1600**
**Fax: 847-674-1608**
*For all your Mortgage Services*
**Please contact: Benny Kuriakose (Kanjiraparayil)**
Phone: 847.583.1245, Pager: 773.258.1301.
**PURCHASE, REFINANCES, FIXED, ADJUSTABLE**
We offer fast approvals

